



# Gurudarshanam



Vol. 9 No 4 April 1999

## ആത്മോപദേശശതകം

7

ഉണരരുതിന്നിയുറങ്ങിടാതിരുന്നീ–
ടണമറിവായതിനിന്നയോഗ്യനെന്നാൽ
പ്രണവമുണർന്നു പിറപ്പൊഴിഞ്ഞു വാഴും
മുനിജനസേവയിൽ മൂർത്തി നിർത്തിടേണം.

| | |
|---|---|
| ഇനി ഉണരരുത് | = ലോകവാസനകളിലേക്ക് ഇനി ഉണരരുത് |
| അറിവായി | = ഞാൻ അറിവാണ് (ആത്മാവാണ്) എന്നതിൽ |
| ഉറങ്ങിടാതിരുന്നിടേണം | = ഉറക്കം വന്നുപോകാതെ ഇരിക്കണം |
| ഇതിനു | = ഇങ്ങനെയുള്ള സ്ഥിതിയിൽ വർത്തിക്കുന്നതിന് |
| ഇന്ന് | = ഇപ്പോൾ |
| അയോഗ്യനെന്നാൽ | = ഞാൻ യോഗ്യനല്ല എന്നു സ്വയം തോന്നുന്നു എങ്കിൽ |
| പ്രണവം ഉണർന്ന് | = പ്രണവരഹസ്യം ഉള്ളിൽ ഉണർന്ന് |
| പിറപ്പൊഴിഞ്ഞ് | = ജനനമരണങ്ങൾക്ക് അതീതനായി |
| വാഴും | = ജീവിക്കുന്ന |
| മുനിജന സേവയിൽ | = ഗുരുവിനെ സേവിച്ച് അവിടുത്തെ പ്രസാദം നേടുന്നതിന് |
| മൂർത്തി നിർത്തിടേണം | = തന്റെ ശാരീരികവും മാനസികവും ഒക്കെയായ സത്തയെ ആ ഗുരുവുമായി പാരസ്പര്യപ്പെടുത്തി ക്കൊള്ളേണ്ടതാണ്. |

ഉണർന്നിരിക്കുക, ഉറങ്ങുക എന്നീ രണ്ടവസ്ഥകൾക്കിടയിൽ അങ്ങോട്ടുമിങ്ങോട്ടും ഊയലാടിക്കൊണ്ടിരിക്കുന്നതാണ് നമ്മുടെ ബോധമെന്നു നാം മനസിലാക്കിയല്ലോ. ഇതിനെത്തന്നെയാണ് അവസ്ഥാത്രയമെന്ന് പണ്ടുമുതൽ വിളിച്ചുപോരുന്നത്. ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നു മൂന്നവസ്ഥകളായി ഈ ഊയലാട്ടത്തെ കാണുന്നു എന്നു മാത്രം.

ഇങ്ങനെ മൂന്നെന്നോ നിരന്തരം മാറിക്കൊണ്ടിരിക്കുന്നതെന്നോ പറയാവുന്ന അവസ്ഥകളോടുകൂടിയതാണ് അറിവ്. ഈ അവസ്ഥകൾ സംഭവിക്കുന്നത് നമ്മുടെ ബോധത്തിനാണ്. ഇങ്ങനെ അവസ്ഥാഭേദങ്ങൾ സംഭവിക്കുന്നതിനെയും നമ്മൾ അറിയുന്നുണ്ട്. അവസ്ഥാ ഭേദങ്ങളെ അറിയുന്ന ഈ അറിവ് ഏതവസ്ഥയിലാണ് സ്ഥിതിചെയ്യുന്നത്? ഉത്തരം പറയാനാവാത്തചോദ്യം. അവസ്ഥാത്രയസാക്ഷി എന്നേ അതിനെപ്പറ്റിപറയാനാവൂ. ആ അറിവിനാണു പരമാർത്ഥത്തിൽ ഉണ്മയുള്ളത്, ആ അറിവിനെ അറിയുകയാണ് നമ്മുടെ ലക്ഷ്യം. 'ആ അറിവാണ് ഞാൻ' എന്ന സത്യത്തിലേക്കു നാം ഉണരും എന്നാണ് അതിന്റെ അർത്ഥം. ആ ഉണർവുണ്ടാകുമ്പോഴാണ്, ഇതുവരെ ഉണർവെന്നു കരുതിയിരുന്നത് ഒരു ഉറക്കമായിരുന്നു എന്ന ഉണർവും ഉണ്ടാകുന്നത്.

ഈ ഉണർവുണ്ടായാൽ നമ്മൾ തിന്നും കുടിച്ചും, കണ്ടും, കേട്ടും, തൊട്ടും, മണത്തും ഒക്കെ രസിക്കുന്നതിന്റെ ലോകത്തിലേക്ക് നമ്മുടെ താല്പര്യം പിന്നീട് ഉണരുകയില്ല. ആ ഉണർവിന്റെ തെളിമയിൽ നിന്നും നാം ഒരിക്കലും ഉറങ്ങിപ്പോവുകയും ഇല്ല. ജീവിക്കുന്ന ഓരോ നിമിഷത്തിലും ആ ഒരറിവിന്റെ വിലാസത്തെ കണ്ടു കൊണ്ട് ജീവിക്കും. അതാണു നമ്മുടെ പരമമായ ലക്ഷ്യം. ഇങ്ങനെയൊരുണർവു സ്വയം ഉണ്ടാവുക എന്നതു വളരെ അപൂർവമാണ്. ഈ കൃതിയുടെ രചയിതാവായ നാരായണഗുരു അങ്ങനെയുള്ള സിദ്ധി കൈവന്ന മഹാപുരുഷനായിരുന്നു. അല്ലെങ്കിൽ ഇതെഴുതുവാൻ ആവുകയില്ലല്ലോ? രമണമഹർഷിയും അതുപോലെ ഒരു മഹാത്മാവായി

**Official News Letter of the**
**Sree Narayana Association Of North America Inc.**
Chairman: A.Venugopal (516)775-4175
President: P.K.Radhakrishnan (914) 937-6794
Secretary: Asha Sasi (718) 816-6009
Treasurer: Sujatha Somarajan (718) 336-4137
Web address:- www.snaofna.org

രുന്നു. ശ്രീ രാമക്രൃഷ്ണപരമഹംസരും ശ്രീ ചട്ടമ്പിസ്വാമികളും അതുപോലെതന്നെ. ഇങ്ങനെ വിരലിലെണ്ണാവുന്ന ചിലർക്കുമാത്രമാണു് ഈ ആറിവു സ്വയം അനുഭമായിത്തീർന്നിട്ടുള്ളതു്.

എന്നാൽ ആ അറിവുണ്ടാകുന്നതിനുള്ള യോഗ്യത ഇങ്ങനെ ഏതാനും ആളുകൾക്കു് മാത്രമുള്ളതാണു് എന്നു കരുതേണ്ടതില്ല. നമുക്കും ആ യോഗ്യതയുണ്ടാക്കാം. അതിനുവെണ്ടിയാണല്ലോ ഗുരു ഈ വാക്കുകൾ കാരുണ്യപൂർവം എഴുതിത്തന്നിരിക്കുന്നതു്. അതിനൊരുവഴിയും ഗുരു ഇവിടെ നിർദ്ദേശിച്ചിരിക്കുന്നു. അതൊരു പുതിയ ഞുണുക്കു വിദ്യയല്ല. പണ്ടുകാലം മുതലേ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒന്നാണതു്. ആ അറിവുണ്ടായിട്ടുള്ള ഒരു ഗുരുവിനെ ശരണം പ്രാപിക്കുക എന്നതാണു് ആ വഴി.

ഇവിടെ 'അയോഗ്യൻ' എന്നു ഗുരു പറഞ്ഞിരിക്കുന്നതിനെ നമ്മൾ പ്രത്യേകം ശ്രദ്ധിക്കണം. യോഗ്യതയില്ലാത്തവൻ എന്നാണു് ആ വാക്കിന്റെ അർദ്ധം. എന്തിനുള്ള യോഗ്യതയുടെ കാര്യമാണിവിടെ പറയുന്നതു്? ആ 'അറിവിലമർന്നു് അതു മാത്രമായിത്തീരുന്ന' ഒരു യോഗസിദ്ധിയെപ്പറ്റി നാലാമത്തെ ശ്ലോകത്തിൽ പറഞ്ഞല്ലോ. യോഗസിദ്ധി സ്വയം ഉണ്ടാകുന്നതിനു് അർഹനല്ലാത്തവനാണു് ഇവിടെ 'അയോഗ്യൻ'.

ആശ്രയമായി സ്വീകരിക്കേണ്ട ഗുരുവിനെ ഇവിടെ 'മുനിജനം' എന്നാണു വിളിച്ചിരിക്കുന്നതു്. അറിവിന്റെ പൂർണ്ണതയിൽ എത്തിയവർ അവർക്കറിയാവുന്ന സത്യത്തെ ഒന്നും മിണ്ടാനാവാത്ത ഒരവസ്ഥയിൽ ഇരുന്നുപോകും. അവരുടെ മൗനം ഏതു ഭാഷയിലുമുള്ള ഏതു വാക്കിനെക്കാളും വാചാലമാണു്; അർത്ഥസംപുഷ്ടമാണു്. ആ അവസ്ഥയിലിരിക്കുന്നവരെയാണു് 'മുനിമാർ' എന്നു വിളിച്ചുപോരുന്നതു്. മൗനമാണു് അവരുടെ ലക്ഷണം. അവർ നൽകുന്ന ജ്ഞാനോപദേശത്തിന്റെ അന്ത്യവും മൗനരൂപത്തിലായിരിക്കും. രണ്ടു വിശേഷങ്ങളാണു് അവർക്കു് ഉള്ളതായി ഇവിടെ പറഞ്ഞിരിക്കുന്നതു്. ഒന്നാമതായി അവർ പ്രണവം ഉണർന്നവരാണു്. ഭാരതീയർക്കു് ഈശ്വരവാചകമാണു് 'ഓം'. ഓംകാരം തന്നെയാണു് പ്രണവം. എല്ലാ ജ്ഞാനരഹസ്യവും അതിലടങ്ങുന്നു. 'അ'കാരം, 'ഉ'കാരം, 'മ'കാരം നിശബ്ദത എന്നിവ ചേർന്നതാണു് ഓങ്കാരം.

സകലതിനും ആധാരമായ സത്യമായി അറിവിനെ അഥവാ ആത്മാവിനെ ദർശിക്കുകയാണല്ലോ ഇവിടെ ചെയ്യുന്നതു്. ഈ അറിവു നമുക്കെല്ലാം അനുഭവഗോചരമായിത്തീരുന്നതു മൂന്ന വസ്ഥകളോടുകളോടുകൂടിയതും, ആ അവസ്ഥകളിൽ ഉണ്ടാകുന്ന നാനാതരം അനുഭവങ്ങളെയും ആണു്. ജാഗ്രദവസ്ഥയിൽ സ്ഥൂലശരീരത്തെ ഉപാധിയാക്കിക്കൊണ്ടു ബാഹ്യവിഷയങ്ങളെ നാം അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഈ ആത്മഭാവത്തെ വൈശാനരൻ എന്നാണു് വിളിച്ചു പോരുന്നതു്. ബോധം വെളിയിലേക്കു് തുറന്നിരിക്കുന്നസ്ഥിതിയാണിതു്. അതുകൊണ്ടു് വായ് വെളിയിലേക്കു് മുഴുവൻ തുറന്നിരിക്കുമ്പോൾ ഉച്ചരിക്കാവുന്ന ശബ്ദമായ 'അ' എന്നതു കൊണ്ടു് ഇതിനെയെല്ലാം അർത്ഥമാക്കുന്നു.

ബോധം വെളിയിലേക്കു തുറക്കാതെ മനഃകല്പിതങ്ങളിലേക്കു് തുറന്നിരിക്കന്ന അവസ്ഥയാണു് സ്വപ്നം. അവിടെ സൂക്ഷ്മശരീരത്തെയാണു് ഉപാധിയാക്കുന്നതു്. സങ്കല്പസൃഷ്ടമായ വിഷയങ്ങളിലാണു് അപ്പോൾ രമിക്കുന്നതു്. ഈ അനുഭവമുണ്ടാകുന്ന ആത്മഭാവത്തെ 'ജൈസൻ' എന്നു വിളിക്കുന്നു. ആ അവസ്ഥയിൽ ബോധം പകുതി അടഞ്ഞ സ്ഥതിയിലാണെന്നു പറയാം. അതുകൊണ്ടു് വായ് പകുതി അടച്ചുവച്ചുകൊണ്ടു് ഉച്ചരിക്കുന്ന ശബ്ദമായ 'ഉ'കാരം കൊണ്ടു് ഈ മണ്ഡലത്തെയാകെ അർത്ഥമാക്കുന്നു.

സുഷുപ്തിയിൽ നാം ഒന്നും അറിയാറില്ല. ഉറക്കത്തിലെ സുഖം മാത്രം ആ അബോധാവസ്ഥയിൽ അനുഭവിക്കുന്നു. അതുകൊണ്ടാണു് സുഖമായി ഉറങ്ങി എന്നു് നാം പറഞ്ഞു പോകുന്നതു് എന്നാൽ ആ സുഖം അനുഭവിക്കുമ്പോൾ സുഖാനുഭവത്തിന്റെ കാര്യവും, ഒരു കാര്യവും നാം അറിയുന്നിന്നില്ല. ഈ അനുഭവം കാരണശരീരത്തെ ഉപാധിയാക്കിക്കൊണ്ടുള്ളതാണു്. 'പ്രാജ്ഞൻ' എന്നാണു് ഈ അവസ്ഥയിലുള്ള ആത്മഭാവത്തെ വിളിക്കുന്നതു്. ഈ മണ്ഡലത്തെയാകെ അർത്ഥമാക്കുന്നതാണു് 'മ്' എന്നമകാരം. വായ് പൂർണ്ണമായും അടച്ചുവച്ചു കൊണ്ടേ അതു് ഉച്ചരിക്കുവാനാവുകയുള്ളല്ലോ?

ഈ മൂന്നിനും ഉപരിയുള്ളതാണു് 'അറിവിലമർന്നു് അതു മാത്രമായി'ത്തീരുന്ന അവസ്ഥ. അതു് നാരായണഗുരുവിനെപ്പോലെയുള്ള യോഗികൾക്കുമാത്രം സ്വാഭാവികമായി കൈവരുന്ന ഒന്നാണു്. അതിനെ തുരീയം എന്നു വിളിച്ചു പോരുന്നു. നാലാമത്തേതു് എന്നാണു് ഈ വാക്കിന്റെ അർദ്ധം. അതു് വാഗതീതമാണു്. അതുകൊണ്ടു്, അക്ഷരം കൊണ്ടല്ല നിശബ്ദതകൊണ്ടാണു് ഇതിനെ വെളിപ്പെടുത്തുന്നതു്.

ഇങ്ങനെ മൂന്നു മാത്രകളും നിശബ്ദതയും കൂടിച്ചേർന്നതാണു് ഓങ്കാരം. ഈ പ്രണവ രഹസ്യം മറ്റൊരുതരത്തിൽ വെളിപ്പെടുത്തിത്തരാൻ തന്നെയാണു് ദയാനിധിയായ ഗുരു ആത്മോപദേശശതകത്തിൽ ശ്രമിക്കുന്നതു്.

ഗുരുവായിരിക്കുന്ന മുനിയുടെ രണ്ടാമത്തെ ലക്ഷണമായി എടത്തുപറഞ്ഞിരിക്കുന്നതു് 'പിറപ്പൊഴിഞ്ഞുവാഴും' എന്നാണു്. എന്നുപറഞ്ഞാൽ ജനനമരണരൂപത്തിലുള്ള സുസാരചക്രത്തിൽ നിന്നും മുക്തനായി ജീവിക്കുന്നവൻ എന്നർദ്ധം.

ജീവികൾക്കു് അവരുടെ കർമ്മമനുസരിച്ചു് ജന്മപരമ്പര തുടർന്നുകെണ്ടിരിക്കുമെന്നു് ഒരു വിശ്വാസം ഭാരതീയുടെ ഇടയിലുണ്ടു്. അക്കാര്യമാണു് ഇവിടെ സൂചിപ്പിക്കുന്നതു്. എന്നാൽ ഉപനിഷത്തുകളിലും മറ്റു ജ്ഞാനശാസ്ത്രങ്ങളിലുമെന്നപോലെ ആത്മോപദേശശതകത്തിലും പഠിപ്പിക്കുന്നതു്, ജനനവും മരണവുമില്ലാത്ത ആത്മാവു മാത്രമാണു് സത്യം എന്നാണു്. ഈ സത്യം അറിയാത്തവരെയാണു് അജ്ഞാനികൾ എന്നു വിളിക്കുന്നതു്. അജ്ഞാനികളുടെ നോട്ടത്തിൽ ജനനവും മരണവും ഒക്കെ ഉള്ളതുതന്നെയാണു്. അവർക്കു് ആത്മാവിന്റെ ഏകതയും അനശ്വരതയും മനസിലാകയില്ല. മരിച്ചതിനു ശേഷം ആത്മാവിനു് എന്തുസംഭവിക്കുമെന്നു് അവർ വീണ്ടും വീണ്ടും ചോദിച്ചുകൊണ്ടിരിക്കും. അവരെ സമാധാനപ്പെടുത്താനായി ചില കല്പിത കഥകൾ പുരാണങ്ങളിലും മറ്റും പറഞ്ഞിരിക്കുന്നതു കാണാം. അതാണു് പുനർജന്മകഥ. പുരാണകഥകൾ മുഴുവനും കല്പിതമാണെന്നുള്ളതും ആരും ഓർക്കാറില്ല. ചില ഉപനിഷത്തുകളിൽ

പോലും ഇത്തരം കഥകൾ കാണാം. എന്നാൽ അതാണ് ഉപനിഷത്തു പഠിപ്പിക്കുന്ന സിദ്ധാന്തമെന്ന് തെറ്റിദ്ധരിക്കേണ്ടതില്ല. ശരിയായ ഉപനിഷത്സിദ്ധാന്തം അതിനടുത്തു തന്നെ എടുത്തു പറഞ്ഞിട്ടുണ്ടാവും.

അജ്ഞാനി എപ്പോഴും ജനനത്തിനും മരണത്തിനും വാസ്തവികതയുള്ള ലോകത്താണ് ജീവിക്കുന്നത്. ജ്ഞാനിയാകട്ടെ സത്യമായിക്കാണുന്നത് ജനനവും മരണവുമില്ലാത്ത ആത്മാവിനെയാണ്. ലോകത്തിലും അവർ കാണുന്നത് ആത്മസത്യത്തെയാണ്. അവരെയാണ് 'പിറപ്പൊഴിഞ്ഞു വാഴുന്നവർ' എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. പ്രപഞ്ചത്തിൽ പുതിയതായി രൂപങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതിനെ ജനനമായോ, പഴയവയുടെ തിരോഭാവത്തെ മരണമായോ അല്ല അവർ കാണുന്നത്. അനശ്വരമായ ആത്മാവിന്റെ അനന്തമായ സർഗ്ഗ വൈഭവത്തിന്റെ ലക്ഷണങ്ങളായി മാത്രം അവയെ അവർ കാണും. ആത്മോപദേശശതകത്തിന്റെ 53 മുതൽ 65 വരെയുള്ള ശ്ലോകങ്ങൾ പഠിക്കുമ്പോൾ ഇതു കൂടുതൽ വ്യക്തമാവുന്നതാണ്.

അവസാനമായി ശ്രദ്ധിക്കാനുള്ളത് 'മുനിജനസേവയിൽ മൂർത്തിനിർത്തിടേണം' എന്നുള്ളതാണ്. ഗുരുവുമായി ശിഷ്യൻ സ്ഥാപിക്കേണ്ട പാരസ്പര്യമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ശിഷ്യന്റെ യോഗ്യത പരീക്ഷിച്ചറിഞ്ഞ് സംതൃപ്തനായാൽ മാത്രമേ ഗുരുക്കന്മാർ ജ്ഞാനോപദേശം നൽകുകയുള്ളൂ. ദാഹമുള്ളവനല്ലേ വെള്ളം കുടിക്കൂ? ജ്ഞാനദാഹവും അതുപോലെയാണ്. യഥാർത്ഥ ജ്ഞാനദാഹമില്ലാത്തവനു ജ്ഞാനജലം കൊടുത്താൽ അത് അയാളുടെ ഉള്ളിൽ കടക്കുകയില്ല. അതിനാൽ ഗുരുവിന്റെ അന്തേവാസിയായി സേവ ചെയ്തുകൊണ്ട് ശിഷ്യന്മാർക്ക് താമസിക്കേണ്ടിവരും. ഗുരുസേവയിൽ സേവനമനോഭാവത്തിനല്ല, അർപ്പണമനോഭാവത്തിനാണ് പ്രാധാന്യം. ജ്ഞാനലാഭത്തിനു വേണ്ടി എല്ലാം ത്യജിക്കാൻ തയ്യാറുള്ളവനു മാത്രമേ യഥാർത്ഥ ഗുരുസേവ ചെയ്യാനാവൂ. രണ്ടുകുടങ്ങളുടെ വായകൾ ചേർന്നിരുന്നാൽ ഒന്നിൽ നിന്നും മറ്റൊന്നിലേക്കു തടസമില്ലാതെ വെള്ളമൊഴുകും. അതുപോലെയൊരു ബന്ധമാണ് ഗുരുവും ശിഷ്യനും തമ്മിൽ ഉണ്ടാകേണ്ടത്. അതിന്റെ അനിവര്യതയാണ് ഇവിടെ എടുത്തു പറഞ്ഞിരിക്കുന്നത്.

ഒരുതരത്തിൽ നാമെല്ലാം 'അയോഗ്യരാണ്. അതുകൊണ്ട് ഒരു ഗുരുവിനെ പ്രാപിച്ച് നമുക്ക് 'യോഗ്യരായിത്തീരാം.

□□□□□□□□□□□□□□□□□

# വൈക്കം സത്യാഗ്രഹവും അതിന്റെ ശില്പിയും.

**ഉദയഭാനു**

വൈക്കം സത്യാഗ്രഹത്തിന് മാനവ സ്വാതന്ത്ര്യസമരചരിത്രത്തിൽ നിസ്തുലമായ ഒരു സ്ഥാനമുണ്ട്. സ്വാതന്ത്ര്യത്തിനുള്ള അവകാശബോധത്തിൽനിന്നാണ് വൈക്കം സത്യാഗ്രഹത്തിന്റെ തുടക്കം.

1917-ൽ കോഴിക്കോട്ടു വച്ചുനടന്ന കോൺഗ്രസ്സിന്റെ മലബാർ ജില്ലാ സമ്മേളനത്തിൽ ആനിബസന്റ് ഒരു പ്രമേയം അവതരിപ്പിച്ചു; പൊതുനിരത്തുകളിൽക്കൂടി എല്ലാവർക്കും സ്വതന്ത്രമായി സഞ്ചരിക്കുന്നതിന് അനുവാദം ഉണ്ടാകണം എന്ന്. കേരളത്തിൽ ഒരു വിഭാഗം ജനങ്ങളുടെ മേൽ ഏർപ്പെടുത്തിയിട്ടുള്ള നിരോധനം ക്രൂരവും അനീതിയുമാണെന്നു ചൂണ്ടിക്കാണിക്കുന്ന ആ പ്രമേയം സവർണ്ണ വിഭാഗത്തിന്റെ എതിർപ്പുമൂലം ചർച്ചയ്ക്കുപോലും എടുത്തില്ല. ആ കോൺഗ്രസ്സ് പിന്നെ എങ്ങനെ ഈ വൈക്കം സത്യാഗ്രഹത്തിന്റെ ഭാഗമായി? (വൈക്കം സത്യാഗ്രഹം കോൺഗ്രസ്സിന്റെ ഭാഗമായിരുന്നില്ല. കോൺഗ്രസ്സ് വൈക്കം സത്യാഗ്രഹത്തിന്റെ ഭാഗമായിരുന്നു.)

വൈക്കം സത്യാഗ്രഹം അവർണ്ണരുടെതായിരുന്നോ, സവർണ്ണരുടെതായിരുന്നോ, കോൺഗ്രസ്സിന്റേതായിരുന്നോ, കമ്മ്യൂണിസ്റ്റുകളുടെതായിരുന്നോ, ഹിന്ദുക്കളുടേതായിരുന്നോ എന്ന ഒരു വിവാദം ഇപ്പോൾ നടക്കുണ്ട്. ഈ വിവാദത്തിന് യാതൊരു അടിസ്ഥാനവുമില്ല. വൈക്കം സത്യാഗ്രഹത്തെ ഒരു സാമുദായിക പ്രശ്നമായോ മതപ്രശ്നമായോ, രഷ്ട്രീയ പ്രശ്നമായോ കാണുന്നതും ശരിയല്ല.

സ്വാതന്ത്ര്യം (freedom), സമത്വം (equality), അന്തസ്സ് (human dignity) ഇവയ്ക്കു വേണ്ടിയുള്ള സമരത്തിലെ ഉജ്ജ്വലമായ ഒരു അദ്ധ്യായമായിരുന്നു അത്. അതിനെ ഭാരതീയരുടെ മാത്രമായല്ല മാനവസമുദായത്തിന്റെ ഒന്നടങ്കമുള്ള ശ്രേയസ്സിനു വേണ്ടി നടത്തപ്പെട്ട സമരമായിട്ടാണ് കാണേണ്ടത്. അതിൽ നിന്നുണ്ടായ പ്രയോജനം എന്ത്, അതിൽ നന്നും നാം പഠിച്ച പാഠം ലോകത്ത് ഇന്നു നടക്കുന്ന ഉച്ചനീചത്വങ്ങൾക്കെതിരായുള്ള (discrimination) സമരത്തിൽ എങ്ങനെ ഉപയുക്തമാക്കാം എന്നു നാം ചിന്തിക്കേണ്ടതുണ്ട്.

വൈക്കം സത്യാഗ്രഹത്തിന്റെ നേതാവ് ആര് എന്നത് ഒരു തർക്ക വിഷയം ആകേണ്ടതില്ല. സത്യാഗ്രഹത്തിന്റെ നായകന്മാരെയും നയിച്ച രാഷ്ട്രീയപ്പാർട്ടികളെയും തേടുന്ന വീരന്മാർ ഓർക്കേണ്ടതായചില കാര്യങ്ങളുണ്ട്. വൈക്കം സത്യാഗ്രഹത്തെ ക്കുറിച്ച് പറയുമ്പോൾ നാരായണഗുരു വഹിച്ച പങ്കും ചൊരിഞ്ഞ ആശീർവാദവും സഹായങ്ങളും സീമാതീതമാണ്. പ്രക്ഷോഭണനാളുകളിൽ അത് സമരഭടൻമാരുടെ മനോവീര്യം വർദ്ധിപ്പിക്കുകയും പിന്നീടുണ്ടായ പല സമരങ്ങൾക്കും അവ വലിയ പ്രേരകശക്തിയായി മാറുകയും ചെയ്തു.

അറിവില്ലായ്മയുടെ മൂർത്തീഭാവമായ ജാതിമത ഉച്ചനീചത്വങ്ങൾക്കെതിരായുള്ള (discrimination) ആ സമരത്തിന്റെ ശരിയായ തുടക്കം അരുവിപ്പുറത്തായിരുന്നു. അറിവില്ലായ്മയുടെ കൂരിരുട്ടിനെ അകറ്റാൻ ആ മഹാത്മാവു നല്കിയ വെളിച്ചമാണ് ക്ഷേത്രപ്രവേശനവാദത്തിനു കേരളത്തെ പ്രാപ്തമാക്കിയത്. ടി.കെ.മാധവനെ വൈക്കം സത്യാഗ്രഹത്തിലേക്കു നയിച്ചതും അതേ ആശയങ്ങൾതന്നെ. നാരായണഗുരുവാണ് കേരളജനതയെ നൂതനവും പുരോഗമനപരവുമായ പ്രവർത്തനങ്ങൾക്ക് അനുകൂലരാക്കിത്തീർത്തത്. ഗുരുവിന്റെ വ്യപകമായ പ്രവർത്തന പരിപാടികൾ മനുഷ്യരിൽ ഉണർത്തിയ സ്വാതന്ത്ര്യചിന്തയും സമത്വമനോഭാവവും ഇല്ലായിരുന്നു എങ്കിൽ വൈക്കം സത്യാഗ്രഹം എന്നൊന്ന് ഭാരത ചരിത്രത്തിൽ ഉണ്ടകുമായിരുന്നില്ല. (ക്ഷമിക്കണം അങ്ങനെയൊരു സംഭവം നടന്നതായി തമിഴ്നാടിനപ്പുറത്താർക്കും അറിവില്ലല്ലോ.)

നാരായണഗുരുവിന്റെ നേരിട്ടുള്ള പ്രചാരണപരിപാടികളും സാമ്പത്തികസഹായവും സത്യാഗ്രഹത്തിനു വിജയം നേടിക്കൊടുത്തു. സത്യാഗ്രഹികൾക്കുവേണ്ടി വൈക്കത്തെ തന്റെ ആശ്രമമായ വെല്ലൂർമഠം വിട്ടുകൊടുത്തില്ലായിരുന്നെങ്കിൽ ഒരു പക്ഷേ വൈക്കം സത്യാഗ്രഹം അകാലചരമമടഞ്ഞു പോകുമായിരുന്നു. വൈക്കത്തെത്തി സത്യാഗ്രഹികൾക്ക് എല്ലാ അനുഗ്രഹങ്ങളും നേരിൽ നല്കാനും ഗുരു മടിച്ചില്ല. വൈക്കം സത്യാഗ്രഹത്തിനു വേണ്ട സാമൂഹികാന്തരീക്ഷം കേരളത്തിൽ സൃഷ്ടിക്കയും ആ സത്യാഗ്രഹത്തിന്റെ നേതാവായിരുന്ന ടി.കെ.മാധവനെ നേതാവാക്കുകയും ചെയ്ത നാരായണഗുരുവിന്റെ പേരുപോലും ഉച്ചരിക്കാതിരിക്കാനാണ് സത്യാഗ്രഹപൈതൃകം തേടിയിറങ്ങിയിരിക്കുന്ന രാഷ്ട്രീയ-വർഗ്ഗീയക്കോമരങ്ങളുടെ ശ്രമം. ഇതു മറവിയല്ല. അവരുടെ കൂടപ്പിറവിയായ കാപട്യത്തിന്റെ കൃത്രമങ്ങളുടെയും മൂർത്തീഭാവം മാത്രമാണ്.

അരുവിപ്പുറം ക്ഷേത്രം നടത്തിപ്പിനു വേണ്ടി ഉണ്ടാക്കിയ സംഘടന ഒരു മനുഷ്യാവകാശസമര സംഘടനയായി മാറി. മലബാറിൽ കാട്ടുകണ്ടി വട്ടംപോയിൽ ഡോക്ടർ ചോയി, വാഗ്ഭടാനന്ദൻ തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ കൂടിയായപ്പോൾ കേരളത്തിൽ ഒരു പുതിയ സാംസ്കാരിക നവോദ്ധാനത്തിന്റെ തുടക്കം കുറിക്കപ്പെട്ടു. സാഹസികമായ സമരം ചെയ്ത് അനീതിയിൽ അധിഷ്ഠിതമായ സാമൂഹിക ചട്ടക്കൂടിനെ തച്ചുടയ്ക്കണമെന്ന ചിന്താഗതി ജനങ്ങളിൽ ശക്തിപ്പെട്ടു. സവർണ്ണ വിഭാഗമെന്ന് കരുതപ്പെട്ടിരുന്നവരുടെയിടയിലെ ഉല്പതിഷ്ണുക്കൾ ഈ പോരാട്ടത്തിൽ പങ്കാളികളായതോടെ മതവും ജാതിയും മനുഷ്യരുടെ ഇടയിൽ പടുത്തുയർത്തിയ വേലിക്കെട്ടുകൾ തകരാൻ തുടങ്ങി. കുമാരനാശാൻ, ടി.കെ. മാധവൻ, അയ്യങ്കാളി, മുലൂർ എസ്. പത്മനാഭപ്പണിക്കർ തുടങ്ങിയവർ പ്രജാസഭയിലും മറ്റും നടത്തിയ നിവേദനങ്ങളും അവകാശസമരങ്ങളും ഈ പ്രക്രിയയ്ക്ക് ആക്കം കൂട്ടി.

വൈക്കം സത്യാഗ്രഹനേതാവെന്നതിനുള്ള അംഗീകാരം ഏതെങ്കിലും ഒരു വ്യക്തിക്കുള്ളതാണെങ്കിൽ, അതിന്റെ ആസൂത്രണം നടത്തുകയും അതിനു വേണ്ടി ഏറ്റവും കൂടുതൽ പ്രയത്നിക്കുകയും പ്രായോഗിക തലത്തിൽ അതിനു നേതൃത്വം നൽകുകയും ചെയ്ത ടി.കെ.മാധവൻ മാത്രമാണതിനർഹൻ. ശ്രീനാരായണ ഗുരുവിന്റെ അനുഗ്രഹത്തോടും മഹാത്മാഗാന്ധിയുടെ പിന്തുണയോടും കൂടി ടി.കെ. മാധവനായിരുന്നു വൈക്കം സത്യാഗ്രഹത്തിനു നേതൃത്വംനൽകിയത്. മഹാത്മാഗാന്ധിയുടെ പിന്തുണ വൈക്കം സത്യാഗ്രഹത്തിന് ദേശീയ ശ്രദ്ധ നൽകി.

കേരളത്തിലെ ഹിന്ദുക്കളുടേതെന്നു കരുതിയിരുന്ന ഒരു പ്രശ്നം അവരെക്കൊണ്ടുതന്നെ പരിഹരിക്കുവാൻ ശ്രമിച്ചാൽ വിജയസാദ്ധ്യത കുറവാണെന്നു മനസിലാക്കിയ ടി.കെ. മാധവൻ ബുദ്ധിപൂർവ്വം മഹാത്മാഗാന്ധിയെയും, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെയും വൈക്കം സത്യാഗ്രഹത്തിലേക്ക് കൊണ്ടുവരികയാണു ചെയ്തത്. അസാമാന്യനായ ഒരു രാഷ്ട്രീയ നായകനായിരുന്നു ടി.കെ.മാധവൻ എന്നതു് സംശയാതീതമായ വസ്തുതയാക്കുന്നതായിരുന്നു ആ പ്രവർത്തി.

1924-ൽ കാക്കിനാടയിൽ നടന്ന എ.ഐ.സി.സി. സമ്മേളനത്തിൽ അയിത്തോച്ചാടന പ്രമേയം അവതരിപ്പിക്കാനുള്ള ടി.കെ.യുടെ ശ്രമത്തെ ഗാന്ധിജി ആദ്യം എതിർക്കുകയാണുണ്ടായതു്. എന്നാൽ മൗലാനാ മുഹമ്മദാലി തുടങ്ങിയവർ അതിശക്തമായി ടി.കെ. മാധവന്റെ പ്രമേയത്തിന് പിന്നിൽ അണിനിരന്നതോടെ കോൺഗ്രസ് നേതൃത്വം അയിത്തോച്ചാടനപരിപാടികൾക്ക് അനുവാദം കൊടുത്തു. യാഥാസ്ഥിതികപ്രാമാണികൾക്കു് മുൻതൂക്കമുണ്ടായിരുന്ന കോൺഗ്രസിന്റെ പരിപാടികളിൽ ഇതിനെ ഉൾപ്പെടുത്തുവാൻ കഴിഞ്ഞത് ടി.കെ. മാധവന്റെ കഴിവു കൊണ്ടു മാത്രമായിരുന്നു.

ഹിന്ദു നവോത്ഥാന പ്രശ്നങ്ങളെക്കാൾ ഒരു പൗരാവകാശപ്രശ്നം എന്ന നിലയ്ക്കാണ് വൈക്കം സത്യാഗ്രഹം ആരംഭിച്ചത്. ആദ്യഘട്ടത്തിൽ സമരത്തിൽ എല്ലാമതക്കാരും പങ്കെടുത്തിരുന്നു. അദ്യകാലത്തു് വൈക്കം സത്യാഗ്രഹത്തിന് നേതൃത്വം കൊടുത്തതിൽ ഒരാൾ ശ്രീ ജോർജ്ജ് ജോസഫ് ആയിരുന്നു. വൈക്കം സത്യാഗ്രഹത്തിൽ സിക്കുകാർവരെ പങ്കെടുത്തിട്ടുണ്ട്. പഞ്ചാബിൽ നിന്ന് വന്ന അകാലികൾ വൈക്കത്ത് സത്യാഗ്രഹികൾക്കായി സൗജന്യമായി ആഹാരം നൽകുകയുണ്ടായി. എന്നാൽ, ഗാന്ധിജി വൈക്കത്തെത്തിയപ്പോൾ ഹിന്ദുമതത്തെ പരിഷ്കരിക്കുന്നതിനുള്ള ശ്രമങ്ങളിൽ അഹിന്ദുക്കൾക്കു കാര്യമില്ല എന്ന നിലപാട് അദ്ദേഹം കൈക്കൊണ്ടു. ജോർജ്ജ് ജോസഫിനെപ്പോലെയുള്ള നേതാക്കൾക്കും അകാലികൾക്കും രംഗം വിടേണ്ടി വന്നു. അങ്ങനെ വൈക്കം സത്യാഗ്രഹം ഒരു ഹൈന്ദവ സമരമായി തരം താണു.

ഗാന്ധിജി സവർണ്ണ നേതാവായിരുന്ന ഇണ്ടൻതുരുത്തി, മഹാറാണി, എന്നിവരുമായി ചർച്ച നടത്തുകയും, പൊലീസ് കമ്മീഷണറുമായി സന്ധിയുണ്ടാക്കുകയുമാണ് ഉണ്ടയതു്. ക്ഷേത്രത്തിന് ചുറ്റും അഹിന്ദുക്കൾ സഞ്ചരിച്ചിരുന്ന വഴികൾ അവർണ്ണർക്ക് തുറന്നു കൊടുക്കുമെന്നായിരുന്നു ഒത്തുതീർപ്പു. അവർണ്ണർക്ക് അപ്രാപ്യമായിരുന്നതു് തുടർന്നും അപ്രാപ്യമായിത്തന്നെ നിന്നു. വിവിധ മതേതര ജനാധിപത്യ വിശ്വാസികൾ പ്രക്ഷോഭണത്തിൽ ഉറച്ചു നിന്നിരുന്നു എങ്കിൽ ഫലം മറ്റൊന്നാകുമായിരുന്നു. ഈ സത്യാഗ്രഹത്തിന്റെ ഫലമായി പുരോഗമനവാദികളായ യുവനേതാക്കളുടെ ഒരു നീണ്ട നിര കേരളത്തിൽ ഉണ്ടായി എന്നതായിരുന്ന ഏറ്റവും വലിയ നേട്ടം.

അയിത്തോച്ചാടനത്തെക്കുറിച്ച് കോൺഗ്രസും ഗാന്ധിജിയും ആലോചിച്ചതുതന്നെ ടി.കെ.മാധവനിൽ കൂടിയായിരുന്നു. 1924ൽ ടി.കെ.മാധവന്റെ നേതൃത്വത്തിൽ വൈക്കം സത്യഗ്രഹം ആരംഭിക്കുമ്പോൾ ഭാരതത്തിന്റെ സ്വാതന്ത്ര്യത്തെക്കുറിച്ച് കോൺഗ്രസ്സിനും അതിന്റെ നേതാക്കൾക്കും ഉണ്ടായിരുന്ന രാഷ്ട്രീയ സാമൂഹ്യ വീക്ഷണത്തെക്കാൾ ഉന്നതവും സമഗ്രവുമായ വീക്ഷണമായിരുന്നു നാരായണഗുരുവിൽനിന്നും ടി.കെ.മാധവനു കിട്ടിയിരുന്നതു്. അതായിരുന്ന വൈക്കം സത്യാഗ്രഹത്തിന്റെ ശക്തി. കോൺഗ്രസ്സിന്റെ രാഷ്ട്രീയത്തിനും ഗാന്ധിജിയുടെ സങ്കല്പങ്ങൾക്കും അനേകമടങ്ങു് ഉന്നതമായിരുന്നു വൈക്കം സത്യാഗ്രഹത്തിനു വേണ്ട സാമൂഹികാന്തരീക്ഷം കേരളത്തിൽ സൃഷ്ടിക്കയും ആ സത്യാഗ്രഹത്തിന്റെ ചുക്കാൻ പിടിച്ച ടി.കെ.മാധവനെ നേതാവാക്കുകയും ചെയ്ത നാരായണഗുരുവിന്റെ സങ്കല്പങ്ങളും വീക്ഷണവും.

വൈശ്യവിഭാഗത്തിൽപ്പെട്ട ബനിയാജാതിക്കാരനായിരുന്നെങ്കിലും ഒരവസരത്തിൽ ഗാന്ധിജി പൂണൂൽ ധരിക്കുകയുണ്ടായി. (ചതുർവർണ്ണ്യം ഗാന്ധിജിയിൽ ഉണ്ടാക്കിയിരുന്ന സ്വാധീനം.) ഗാന്ധിജിയുടെ അന്നത്തെ സങ്കുചിതമായ കാഴ്ചപ്പാട് ശ്രീനാരായണ ഗുരുവുമായി അദ്ദേഹം നടത്തിയ സംഭാഷണത്തിൽ വ്യക്തമായി പ്രതിഫലിക്കുന്നുണ്ട്. ശിവഗിരി സന്ദർശനത്തിനുശേഷം വർണ്ണവ്യവസ്ഥയോടുള്ള അദ്ദേഹത്തിന്റെ ആരാധനാമനോഭാവത്തിൽ മാറ്റമുണ്ടായതയിക്കാണാം.

മനുഷ്യൻ നന്നായാൽ മതി എന്ന ചിന്താഗതി പുലർത്തിയിരുന്ന ഗുരുവിനെ സംബന്ധിച്ചിടത്തോളം പ്രാധാന്യം മതത്തിന്റെ ഭാവിയിലല്ലായിന്നു, മനുഷ്യന്റെ ഭാവിയിലായിരുന്നു.

# സത്യാഗ്രഹ ഭൂമിയെ പുളകമണിയിച്ച റാലി.

വൈക്കം സത്യാഗ്രഹ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഏപ്രൽ ഒന്നാം തിയതി വൈക്കത്ത് പതിനായിരക്കണക്കിന് ശ്രീനാരായണഭക്തർ പങ്കെടുത്ത റാലി നടന്നു. സത്യാഗ്രഹസ്മാരക ഭൂമിയെ പുളകം കൊള്ളിച്ചുകൊണ്ടു നടന്ന ഈ ശക്തി പ്രകടനം മണിക്കൂറുകളോളം വൈക്കത്ത് മഞ്ഞനദീപ്രവാഹം സൃഷ്ടിച്ചു.

വിവിധ ജില്ലകളിലെ യൂണിയനുകളിൽ നിന്നുള്ള യോഗം പ്രവർത്തകർ പങ്കെടുത്ത റാലി മൂന്നു മണിക്കൂർ നീണ്ടുനിന്നു. യോഗത്തിന്റെ കരുത്തും ഉണർവും വിളിച്ചോതുന്നതായിരുന്നു പ്രകടനം. വൈക്കം സത്യാഗ്രഹത്തിന്റെ ഒരു വർഷം നീളുന്ന ജൂബിലി ആഘോഷത്തിന്റെ ഭാഗമായാണ് റാലി സംഘടിപ്പിച്ചത്. ഇത്രയധികം വനിതകൾ പങ്കെടുത്ത ഒരു പ്രകടനം അടുത്തകാലത്തൊന്നും സംസ്ഥാത്തു നടന്നിട്ടില്ല.

തീണ്ടൽപലക നാട്ടി അവർണ്ണർക്ക് വൈക്കം ക്ഷേത്രത്തിലേക്ക് പ്രവേശനം നിഷേധിച്ചിരുന്ന പടിഞ്ഞാറെ നടയിലൂടെയും ഇരുന്നൂറു വർഷങ്ങൾക്കു മുമ്പ് നൂറോളം യുവാക്കളുടെ രക്തം വീണു ചുവന്ന ദളവാക്കുളത്തിനു സമീപത്തുകൂടിയുമാണ് ജാഥ നീങ്ങിയത്.

വൈക്കം സമരത്തിന്റെ ജീവാത്മാവായിരുന്ന ടി. കെ. മാധവന്റെ പ്രതിമ നിൽക്കുന്ന വലിയ കവലയിലും ശ്രീനാരായണ ഗുരുവിന്റെ പാദസ്പർശമേറ്റ, സമര ഓഫീസ് പ്രവർത്തിച്ചിരുന്നതും ഇപ്പോൾ സത്യാഗ്രഹ സ്മാരകവുമായ ആശ്രമം ഹൈസ്കൂൾ വളപ്പിലും കേന്ദ്രീകരിച്ചായിരുന്നു പ്രകടനം. വൈക്കം യൂണിയനിൽ ഉൾപ്പെട്ട ശാഖകളിലെയും, ചേർത്തല, ആലപ്പുഴ യൂണിയനുകളിലെയും പ്രവർത്തകർ ആശ്രമം ഹൈസ്കൂൾ വളപ്പിൽ കേന്ദ്രീകരിച്ചു പ്രകടനത്തിനു തയ്യാറായി. കോട്ടയം, ചങ്ങനാശേരി, മീനച്ചിൽ, ഹൈറേഞ്ച് മേഖലകളിൽ നിന്നുള്ള പ്രവർത്തകർ ദളവാക്കുളത്തിനു സമീപവും, കണയന്നൂർ യൂണിയനിലെ പ്രവർത്തകർ ടി. കെ. മാധവൻ സ്ക്വയറിലും ഒത്തുചേർന്നു.

ആശ്രമം ഹൈസ്കൂൾ വളപ്പിൽ നിന്ന് ആരംഭിച്ച പ്രകടനം ബോയിസ് ഹൈസ്കൂൾ വഴി ക്ഷേത്രത്തിന്റെ തെക്കേ നടയിൽ എത്തിയപ്പോൾ കിഴക്കേ നടയിൽ ഉണ്ടായിരുന്നവർ അവരോടൊപ്പം ചേർന്നു. തുടർന്ന് പടിഞ്ഞാറെ നട, ബോട്ട് ജെട്ടിറോഡ്, കെ. എസ്. ആർ. ടി. സി. റോഡ് വഴി വലിയ കവലയിലുള്ള ടി. കെ. മാധവൻ സ്ക്വയറിൽ എത്തിയപ്പോൾ വടക്കൻ മേഖലാ പ്രവർത്തകരും അവിടെ എത്തിച്ചേർന്നു. തുടർന്ന് ഒത്തുചേർന്നു വൈക്കം കായലോരത്തേക്കു നീങ്ങി. മഞ്ഞക്കൊടികളുടെ മഹാപ്രവാഹം തീർത്ത നദി പലകൈവഴികളായി ഒഴുകിയെത്തി വൈക്കം കായലിൽ ലയിച്ച പ്രതീതിയായിരുന്നു അപ്പോൾ. രണ്ടു വരിയായി നീങ്ങിത്തുടങ്ങിയ പ്രകടനം പിന്നീട് ശ്രീനാരായണഭക്തരുടെ കുത്തൊഴുക്കായി മാറി. മുൻ നിരയിൽ നീല പാന്റ്സും മഞ്ഞ ഉടുപ്പും നീലത്തൊപ്പിയും ധരിച്ച യുവസേന അടിവച്ചു നീങ്ങി. ദൈവദശകം ചൊല്ലി ഗുരുദേവനെ സ്മരിച്ചശേഷമായിരുന്നു യുവസേന മാർച്ച് ആരംഭിച്ചത്. മഞ്ഞമുത്തുക്കുട ചൂടിയ തുറന്ന ജീപ്പിൽ എസ്. എൻ. ഡി. പി. യോഗത്തിന്റെ സാരഥികൾ തൊട്ടു പിന്നാലെ സഞ്ചരിച്ചു. യോഗം പ്രസിഡന്റ് എ. എസ്. പ്രതാപ്സിംഗ്, ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ, വൈസ് പ്രസിഡന്റ് അഡ്വ. സി. കെ. വിദ്യാസാഗർ, ട്രഷറർ കാവ്യാട് മാധവൻ കുട്ടി എന്നിവർ അഭിവാദ്യം സീകരിച്ചു നീങ്ങി. ഇവർക്കു പുറകിലായി യോഗം കൗൺസിലർമാർ, ഡയറക്ടർ ബോർഡ് അംഗങ്ങൾ എന്നിവർ അണിനിരന്നു, തൊട്ടു പുറകിലായി പതിനായിരക്കണക്കിന് ശ്രീനാരായണഭക്തരും നീങ്ങി. ചേർത്തല യൂണിയനിൽ നിന്ന് എത്തിയവരായിരുന്നു മുന്നിൽ, അവസാന നിരയിൽ വൈക്കം യൂണിയൻ പ്രവർത്തകരും. കസവു മുണ്ടും വെള്ളസാരിയും മഞ്ഞ ബ്ളൗസും ധരിച്ച പതിനായിരക്കണക്കിന് വനിതകളും മഞ്ഞത്തൊപ്പി ധരിച്ചു നീങ്ങിയ യോഗം പ്രവർത്തകരും പീതപതാകകൾ ഏന്തിയിരുന്നു. "ചരിത്രസത്യം വളച്ചൊടിച്ചു ടി. കെ.മാധവനെ അവഹേളിക്കും വരേണ്യ വർഗ്ഗത്തിനു മാപ്പില്ല", "ജാതിവ്യവസ്ഥിതി തച്ചു തകർക്കാൻ മാനവരൊന്നായിമാറീടാൻ ടി.കെ. മാധവൻ രൂപം നൽകിയ സാമൂഹ്യ വിപ്ളവ ചരിത്ര സമരം- വൈക്കം സത്യാഗ്രഹം സിന്ദാബാദ്", "പിന്നോക്കക്കാരുടെ മോചന സമരം, വിജയം നേടിയ ഇതിഹാസം വൈക്കം സത്യാഗ്രഹസമരം സിന്ദാബാദ്" തുടങ്ങിയ മുദ്രാവാക്യങ്ങൾ ജാഥാംഗങ്ങൾ മുഴക്കുന്നുണ്ടായിരുന്നു. ചെണ്ടമേളം, ബാന്റ്മേളം, പഞ്ചവാദ്യം എന്നിവ ജാഥയ്ക്കു മിഴിവേകി. സമരസ്മരണകൾ ഉണർത്തുന്ന നിശ്ചല ദൃശ്യങ്ങളും ഉണ്ടായിരുന്നു.








## Sixtieth Birthday. Celebrations

On March 27, 1999 Mr Dharmarajan celebrated his 60th birthday and PNS Chandran his in February 1999



Mr Dharmarajan

These respected members of our community were facilitated by SNA on March 28, 1999. Our Chairman Mr Venugopal and our President Mr Radhakrishnan



Mr PNS Chandran

felicitated them and The Chairman handed over the plaque to both.

The auditorium was packed with community members and friends. The celebrations started at twelve noon and continued till late at night. After the celebrations members also visited the Shiva Vishnu Temple at Washington and offered prayers.

# CHILDREN'S/YOUTH'S CORNER

## WHO ARE WE? WHERE DID WE COME FROM?

Dear Friends,

The state in BHARAT (that is the name I like to call our ancient land and civilization.) from where most of us came is known as KERALAM. Let me give you a little information on Keralam

| | |
|---|---|
| State Capital | Thiruvanathapuram |
| Population (in 1000s) | 29,099 |
| Area (In 1000 sq. km) | 39 |
| Females per 1000 males | 1,036 |
| Literacy rate (1991) | 89.8 |
| Net Domestic Product (Rs. million at current prices in 1992-93) | 15082 |
| Per Capita Income (Rs. at current prices in 1992-93) | 5065 |
| Principal Language | Malayalam |

(Now read the world 'MALAYALAM' from left to right.)

Keralam, is a narrow, fertile strip on the southwest coast of Bharat, sandwiched between the Arabian Sea and the Western Ghats (mountain ranges). The landscape is dominated by rice fields, rubber, mango, cashew nut, and coconut trees. The Western Ghats, with their dense tropical forests, misty peaks, extensive ridges and ravines, are very beautiful. In the olden days this mountain ranges have sheltered Keralam from invaders. Also at the same time this has encouraged maritime contact with the outside world. Our land was in commerce with ancient Arabs, Greeks, Romans, Babylonians and Chinese.

People from distant lands have been coming to Keralam since ancient times. They came in search of coffee, tea, spices, sandalwood and ivory. Long before Vasco da Gama led the Portuguese to India, the Romans, the Arabs and the Chinese had known the coast. Enduring contact with people from overseas has resulted in the successful blending of various cultures, which gives the state a cosmopolitan outlook.

The present-day state of Keralam was created in 1956 from Turuvithamcoor, Kochi, and Malabar. Malabar was formerly a part of Tamilnadu State, while both Tiruvithamcoor and Kochi were princely states ruled by maharajas. An early concern for public welfare gave Kerala a head start, and resulted in the state being one of the most progressive and highly educated states in Bharat.

Please do write to me. I love to read your writings.

Love you.
Yours Sincerely,

Uncle Unanimous.

# WE ARE MOVING ON

On March 28, 1999 SNA held its prayer services and other activities including classes, workshops and discussions at 12049 O'Fallen street, Spring Valley, Md. On March 28, 1999. The members of SNA and other community members of metropolitan Washington turned out in full number for the services. After the services members of the community

asked about the ongoing litigation and other matters concerning SNA. The Chairman and the President gave a detailed report of events starting with the 1996 election. A question answer session was also held. All the questions were answered to the full satisfaction of the community members. The circumstances leading to the filing of the suite and the events after that until that day was explained to every ones satisfaction.

# RELIGIOUS SERVICES.

The religious services for April 1999. N.S.Mani, Ajayakumar, N.Damanan and their families will sponsor these services. Services shall start at 10.00am on April 25, 1999. The venue shall be Hanuman Temple, 111 Jerusalem Ave, Hempstead, Long Island. In addition to the regular services, Association shall also be celebrating the 75th Anniversary of 'Vikam Satyagrham' and birthday of Kumaranashan.

**ALL ARE WELCOME.**

Directions: - Belt Parkway to Southern State Parkway. Take exit 20 North. Make right turn on Jerusalem Ave. The Temple is on the left side.

# GRADUATION PARTY

This years graduation party shall be held during the month of June/July. If you know of any one graduating from our community kindly intimate our General Secretary Mrs. Asha Sasi as soon as possible. The persons graduating from High School, Graduate Schools and Post Graduate Schools and Doctoral studies should be included. Also names of people graduating from any where in North America should be forwarded. You can forward the name of any member of our community who are graduating irrespective of age or state where they are now living .

# Mrs. Kunjikkamma Passes Away.

**Mrs. Kunjikkamma, Mother of late Mr C.K.Madhu one of our former trustee has passed away at her home Vadakecharuvil at Kumbanad, Tiruvalla, Keralam, India on Monday, March 29, 1999. She was 101 Years old. She is survived by four of her six children, 18 grand children and 17 great grand children. Let us pray to God to provide strength to her family and friends.**

**Sree Narayana Association of North America**
**P.O.Box 260009, Bellerose, NY 11426-0009**

**To:**